സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളെ തയ്യാറാക്കിയ റാങ്ക്‌ലിസ്റ്റുകൾ

16 [20] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരിട്ടു നിയമനം നടത്തുന്ന സർക്കാർ/അർദ്ധസർക്കാർ/പൊതു ഉടമ സ്ഥാപനങ്ങളും തയ്യാറാക്കിയ എത്ര റാങ്ക്‌ലിസ്റ്റുകൾ നിലവിലുണ്ട്; ഇവയിൽ എത്ര റാങ്ക്‌ഹോൾഡേഴ്സ് ഉണ്ട്;

(ബി) ഇവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുക്കുമോ?

ഉത്തരം

(എ, ബി) സർക്കാർ സർവ്വീസിൽ നിയമനം നടത്തുന്നത് പി.എസ്.സി., എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവ മുഖാന്തിരമാണ്.

നിയമനം പി.എസ്.സി. ക്ക് വിട്ടുകൊടുത്തിട്ടുള്ള അർദ്ധ സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലെ ''വർക്കർ'' വിഭാഗത്തിൽപ്പെട്ടവരും 700 രൂപയ്ക്കുമേൽ അടിസ്ഥാനശമ്പളമുള്ള സൂപ്പർവൈസറി മാനേജരിയൽ തസ്തികയിൽപ്പെട്ടവരുമൊഴികെ, മറെറല്ലാ തസ്തികകൾക്കുമുള്ള നിയമനം പി.എസ്.സി. മുഖാന്തിരമാണ് നടത്തുന്നത്.

സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളുടെ വിവരം ശേഖരിച്ചുവരുന്നു.

മലയാള സിനിമയുടെ പുരോഗതിയ്ക്കുവേണ്ടിയുള്ള സഹായങ്ങൾ

17 [21] ശ്രീ. പി.സി. ജോർജ്ജ്:
വി.വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയുടെ പുരോഗതിക്കുവേണ്ടി ഈ ഗവൺമെൻറ് എന്തെല്ലാം സഹായങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) കേരളാ ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ള പദ്ധതികൾ ഏവ?

ഉത്തരം

(എ) മലയാള സിനിമയ്ക്ക് ഒരു വ്യവസായമെന്ന നിലയിൽ കേരളത്തിൽ വളരുവാനും വികസിക്കുവാനും ഉള്ള സാഹചര്യങ്ങൾ ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് കേരളാ സ്റേറ്റ് ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷനെ സജ്ജമാക്കിയിട്ടുള്ളത്.

ഈ കോർപ്പറേഷനിൽ ലഭ്യമായ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ചു മാത്രം പൂർത്തിയാക്കുന്ന ചലച്ചിത്രങ്ങൾക്ക് എഴുപത്തി അയ്യായിരം രൂപ ധനസഹായം നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മികച്ച ചിത്രങ്ങൾക്കുള്ള സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

അവാർഡുകളും, ശുഭ്രമേൻമയും നിലവാരവുമുള്ള ചിത്രങ്ങൾക്കും കുട്ടികളുടെ ചിത്രങ്ങൾക്കും നൽകിവരുന്ന ഇനികുതിയിളവ്, മികച്ച ഡോക്കുമെൻററി ചിത്രങ്ങൾ വില നൽകി വാങ്ങുവാനുള്ള പദ്ധതി, ഗവൺമെൻറ് ഉടമയിലുള്ള ടാഗോർ തിയേറ്റർ ഫിലിം സൊസൈറ്റികൾക്കു നൽകുന്ന സൗജന്യങ്ങൾ, ഗവൺമെൻറ് ഉടമയിലുള്ള സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സൗജന്യമായി നൽകിവരുന്ന ഷൂട്ടിംഗ് സൗകര്യങ്ങൾ എന്നിവയെല്ലാം മലയാള സിനിമയുടെ വളർച്ചക്കുവേണ്ടിയുള്ള പ്രോത്സാഹന പരിപാടികളിൽപ്പെടുന്നു.

(ബി) തിരുവനന്തപുരത്തിനടുത്ത് തിരുവല്ലത്ത് ആധുനിക രീതിയിലുള്ള ഒരു സ്റ്റുഡിയോ, കോർപ്പറേഷൻ നിർമ്മിച്ചിട്ടുണ്ട്. ലാബറട്ടറി എഡിറ്റിംഗ് യൂണിറ്റ്, ഔട്ട്ഡോർ യൂണിറ്റുകൾ, റെക്കാർഡിംഗ് യൂണിറ്റുകൾ മുതലായവ ഈ സ്റ്റുഡിയോയിൽ നിരന്തരം പ്രവർത്തിച്ചുവരുന്നു. ഇവിടെ ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും നിർമ്മാതാക്കൾക്ക് നൽകിവരുന്നു. എല്ലാ ജില്ലകളിലും സിനിമാ തിയേറ്ററുകൾ നിർമ്മിക്കണമെന്ന് പ്രാരംഭഘട്ടത്തിൽ ഉദ്ദേശിച്ചിരുന്നെങ്കിലും, അതിന് വേണ്ടിവരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ ഇരട്ട തിയേറ്ററും; ചേർത്തലയിൽ ഒരു തിയേറ്ററും തിരുവനന്തപുരത്ത് കോർപ്പറേഷൻെറ ഹെഡ് ഓഫീസിനോടനുബന്ധിച്ച് ഒരു ചെറിയ തിയേറ്ററും മാത്രം തൽക്കാലം പണിതീർത്താൽ മതിയാകും എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇവയിൽ ചേർത്തലയിലെ തിയേറ്ററിൻെറയും തിരുവനന്തപുരത്തെ ചെറിയ തിയേറ്ററിൻെറയും പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവകൂടാതെ കോർപ്പറേഷനിൽ ഒരു റിസർച്ച് ആൻറ് റഫറൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

ചലച്ചിത്ര വികസന കോർപ്പറേഷൻെറ കീഴിലുള്ള തിയേറ്ററുകൾ

18 [22] ശ്രീ. കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷൻെറ കീഴിലുള്ള ഏതെങ്കിലും തിയേറ്ററുകൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൻെറ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഏറെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ധനം സമാഹരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും കോർപ്പറേഷൻെറ പ്രവർത്തനത്തിലിരിക്കുന്ന തിയേറ്ററുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല എന്ന വസ്തുതയുടെ വെളിച്ചത്തിലും കോർപ്പറേഷൻെറ പൊതുവെ മോശമായ സാമ്പത്തികസ്ഥിതി പരിഗണിച്ചും പണി പൂർത്തിയാവാത്ത ചില തിയേറ്റർ കെട്ടിടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly